പ്രധാനമായി മുന്നിൽവച്ചുകൊണ്ടു് എഴുതി ഉണ്ടാക്കിയിട്ടുള്ള ഒന്നാണെന്നു്. ഇങ്ങനെ സാമാന്യമായ ഒരു നിയമം ഈ രണ്ടുപ്രദേശങ്ങളിലേക്കും ഉടനെ ആവശ്യമായിതീർന്നിട്ടുണ്ടോ എന്നു് ഒന്നുരണ്ടു ബഹു: അംഗങ്ങൾ അവരുടെ പ്രസംഗമദ്ധ്യേ ചോദിക്കുകയുണ്ടായി. ഇങ്ങനെ ഒരു സാമാന്യമായ നിയമമില്ലാത്തതുകൊണ്ടു് ഡിപ്പാർട്ടുമെൻറിന്റെ പലവിധത്തിലുള്ള പ്രവർത്തനങ്ങളിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടു്. അതുകൊണ്ടാണു് ഉടനെതന്നെ ഈ നിയമം ഒന്നാക്കണമെന്നു് തീരുമാനിച്ചതു്. അതുമാത്രവുമല്ല, ഈ രണ്ടുരാജ്യങ്ങളിലും നിലവിലിരിക്കുന്ന നിയമങ്ങൾ ഒന്നായി സംയോജിപ്പിച്ചു് സാമാന്യനിയമങ്ങൾ ഉണ്ടാക്കേണ്ടതു് ആവശ്യവുമാണു്. രണ്ടാമതായി എനിക്കു് പറയാനുള്ളതു് മിക്ക ബഹു: അംഗങ്ങളുടേയും പ്രസംഗങ്ങളിൽ അടങ്ങിയിരുന്ന ചില സാമാന്യതത്വങ്ങളെ സംബന്ധിച്ചു വിമർശനങ്ങളെപ്പറ്റിയാണു്.

മിസ്റ്റർ സ്പീക്കർ: ആർഡർ, ആർഡർ, മണിനാലര ആയതിനാൽ ഇനിയും ഒന്നു അനുസരിച്ചുള്ള ചർച്ച ആരംഭിക്കുന്നതാണു്.

DISCUSSION UNDER RULE 26

Sri. K. A. Mathew: This is my notice. "To raise discussion on a matter of public importance which arose out of the answer to Starred Question No. 20 of the 24th October 1950 regarding Central Depot Officer, (Agriculture), Alwaye."

സർ, രണ്ടു ദിവസംമുമ്പു് ആലുവാ സെൻട്രൽ ഡിപ്പോ ആഫീസറെ സംബന്ധിച്ചു് ഞാൻ അയച്ചിരുന്നതായ ഒരു ചോദ്യത്തിനു് നടുകിയ മറുപടിയുടെ അവ്യക്തതയും അപൂർണ്ണവും ആയതുകൊണ്ടാണു് ആ വിഷയത്തെപ്പറ്റി ഇങ്ങനെ ഒരു മോഷൻ അയക്കാൻ ഇടയായിട്ടുള്ളതു്. ഈ സംസ്ഥാനത്തു കരിഞ്ചന്ത അവസാനിപ്പിക്കുന്നതിനു് അടുത്തകാലത്തു ഗവൺമെൻറിൽനിന്നും കർശനമായ നടപടികൾ എടുത്തുവരുന്നുണ്ടു്. വ്യാപാരികളുടേയും മറ്റു പ്രൈവറ്റു പാർട്ടികളുടേയും ഇടക്കുള്ള കരിഞ്ചന്ത അവസാനിപ്പിക്കുന്നതിനു് ഗവൺമെൻറു പ്രത്യേകിച്ചു കർശനമായ നടപടികൾ എടുത്തുവരുന്നുണ്ടു്. എന്നാൽ ഗവൺമെൻറിന്റെ തന്നെ ഉദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള കരിഞ്ചന്തയെ നിർമ്മാർജ്ജനം ചെയ്യുന്നതിനു് അത്രതന്നെ കർശനമായ നടപടികൾ എടുക്കാൻ ശ്രദ്ധപതിപ്പിക്കുന്നില്ലെന്നു് സംശയിക്കേണ്ടിയിരിക്കുന്നു. അതിനു് ഒരു ദൃഷ്ടാന്തമായിട്ടാണു് ഈ ചോദ്യത്തിൽ ഉന്നയിച്ചിരിക്കുന്ന കാര്യത്തെപ്പറ്റി ഞാൻ ചിലതു പറയണമെന്നു് വിചാരിക്കുന്നതു്.

സർ, കഴിഞ്ഞ മേയ്മാസത്തിൽ ആലുവാ സെൻട്രൽ ഡിപ്പോ ആഫീസർ ഡിപ്പാർട്ടുമെൻറുവക ഏതാനും തുമ്പാകൾ വിൽക്കുകയുണ്ടായി. പൊതുജനങ്ങൾക്കു് വിൽക്കുന്നതിനായിട്ടു് അവിടത്തെ ഡിപ്പോയിൽ സംഭരിച്ചിരുന്ന തുമ്പാകൾ കരിഞ്ചന്തയിൽ വിൽക്കുന്നതിനു് പതിവായി പെർമിറ്റുകൾ കൊടുത്തിരുന്നുവെന്നു് പരക്കെ സംസാരമുണ്ടായിരുന്നു. ആലുവാ ഡിപ്പോ ആഫീസർ ഏതാനും തുമ്പാകൾ കരിഞ്ചന്തയിൽ വിറ്റുവെന്നു് അറിഞ്ഞതിന്റെ ഫലമായി ആലുവാ അഗ്രികൾച്ചറൽ സ്പെഷ്യലാഫീസർ അതേപ്പറ്റി അന്വേഷണം നടത്തിയതായും അന്വേഷണത്തിൽ കാര്യം പരമാർത്ഥമാണെന്നു് ബോദ്ധ്യപ്പെട്ടിട്ടുള്ളതായും അറിയുന്നു. ആ വിവരം സ്പെഷ്യലാഫീസർ ഡിപ്പാർട്ടുമെൻറു മേധാവികൾക്കു് റിപ്പോർട്ടു ചെയ്തിരുന്നതായും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. ഉടനെതന്നെ ഈ സംഗതിയെപ്പറ്റി കൂടുതൽ അന്വേഷണങ്ങൾ നടത്തുന്നതിനായിട്ടു് വേണ്ട നടപടികൾ കൈക്കൊള്ളണമെന്നു് ഡിപ്പാർട്ടുമെൻറധികാരികളെ സ്പെഷ്യലാഫീസർ അറിയിച്ചിട്ടും വേണ്ട നടപടികൾ എടുത്തിട്ടി

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. A. Mathew]

ല്ലെന്നാണ് അറിയുന്നത്. മൂവാറ്റുപുഴ ഡിവിഷനൽ അഗ്രികൾച്ചറൽ ആഫീസർ ഇതേപ്പറ്റി അന്വേഷിക്കാൻ ചുമതലപ്പെട്ട ആളാണ്. പക്ഷെ അദ്ദേഹം ഇതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടില്ലെന്നാണ് എന്റെ അറിവ്. അദ്ദേഹത്തിന്റെ ഡിപ്പാർട്ട്മെന്റിൽ നടന്നതായ കരിഞ്ചന്തയെപ്പറ്റി അന്വേഷിക്കേണ്ട ചുമതല അദ്ദേഹത്തിനുണ്ടായിരുന്നിട്ടും അദ്ദേഹം അതു ചെയ്തില്ല. പിന്നീട് വിവരം കൃഷി ഡിപ്പാർട്ട്മെന്റ് മേധാവിയെ അറിയിച്ചതിന്റെ ഫലമായി മൂവാറ്റുപുഴ സിവിഷനാഫീസർ ഒരന്വേഷണം നടത്തിയതായും അറിയുന്നു. എന്നാൽ ഡിവിഷനാഫീസർ ഡിപ്പോ ആഫീസിന് സഹായകമായ ഒരു നില കൈക്കൊണ്ടു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കഴിഞ്ഞ മേമാസത്തിൽ നടന്നതായ ഈ സംഭവത്തെപ്പറ്റി ചോദിച്ചിട്ട് അനേകം മാസങ്ങൾ കഴിഞ്ഞതിനുശേഷവും അങ്ങിനെ ഒരു സംഭവം നടന്നിട്ടില്ലെന്നമട്ടിൽ ഗവ മ്മെന്റിൽനിന്നും ഇവിടെ പ്രസ്താവിച്ചുവെന്നു എനിക്ക് തോന്നുന്നു. ഇപ്പോൾ ആ തുമ്പാകാം എല്ലൂർകര എന്ന സ്ഥലത്തെ ഒരു സഹകരണസംഘത്തിനു കൊടുത്തതായി റിക്കാഡു ഉണ്ടാക്കിയിട്ടുണ്ടെന്നു കേൾക്കുന്നു. ആദ്യത്തെ അന്വേഷണങ്ങൾകൊണ്ടു കണക്കുകളെ ശരിപ്പെടുത്തി എന്നാണ് അറിയുന്നത്. സർ, ഇതിനു വേണ്ട തെളിവുകൾ കൊടുക്കുന്നതിനു് ആലുവാ സ്പെഷ്യലാഫീസർ തയ്യാറായിരുന്നു. അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻ സ്പെഷ്യലാഫീസറിൽ നിന്നും വേണ്ട തെളിവുകൾ ശേഖരിച്ചിട്ടുണ്ടോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഈ മൂന്നു ഉദ്യോഗസ്ഥന്മാരെയും വച്ചുകൊണ്ടു് എവിടെയാണ് കള്ളം നടന്നതു് എന്നന്വേഷിക്കാതെ തീരെ തൃപ്തികരമല്ലാത്ത ഒരന്വേഷമാണ് ഇതുവരെയായി നടത്തിയിട്ടുള്ളതു്. അതു ഗവണ്മെന്റ് മനസ്സിലാക്കിയിട്ടുണ്ടോ എന്നറിയാൻ നിവൃത്തിയില്ല. ഏതായാലും ഈ സംഗതി ഡിപ്പാർട്ട്മെന്റധികാരികളും, സ്പെഷ്യലാഫീസറും, ഡിവിഷനാഫീസറും അറിഞ്ഞിട്ടുണ്ടെന്നുള്ളതിനു് യാതൊരു സംശയവുമില്ല. എന്നിട്ടും ശരിയായ ഒരു അന്വേഷണം ഇതേവരെ നടത്തിയിട്ടില്ല. ഇക്കാര്യത്തെപ്പറ്റി ഗവണ്മെന്റിൽനിന്നും വേണ്ടവിധം അന്വേഷിച്ചു് കുറ്റവാളിയെ കണ്ടുപിടിച്ചു് നിർദ്ദാക്ഷിണ്യമായ ശിക്ഷനടപടികൈക്കൊണ്ടതു അത്യാവശ്യമാണ്. അല്ലാത്തപക്ഷം പൊതുജനങ്ങളുടെ ആവശ്യത്തിനു് ഗവണ്മെന്റിൽനിന്നും വാങ്ങി സംഭരിച്ചിട്ടുള്ള തുമ്പാകാം അന്യമാർഗ്ഗങ്ങളിലൂടെ കരിഞ്ചന്തയിൽ പോകുന്നതിനു് വഴിവച്ചുകൊടുക്കുകയായിരിക്കും ഗവണ്മെന്റ് ചെയ്യുന്നതു്. ഗവണ്മെന്റുദ്യോഗസ്ഥന്മാർ ഇങ്ങനെ തുടങ്ങിയാൽ പൊതുജനങ്ങൾക്കു് എവിടെയാണ് രക്ഷ! ഈ ഡിപ്പാർട്ട്മെന്റിൽ വളം മുതലായ സാധനങ്ങളും ധാരാളം കരിഞ്ചന്തയിൽ പോകുന്നതായി പരാതിയുണ്ടു്. ഇങ്ങനെയുള്ള കേസുകൾ ഉണ്ടാകുമ്പോഴാണ് ഈവക സാധനങ്ങൾ ഗവണ്മെന്റ് ഡിപ്പോകളിൽ സംഭരിച്ചിട്ടുണ്ടെന്നുള്ള വസ്തുതപോലും ആളുകൾ അറിയുന്നതു്. പൊതുജനങ്ങളുടെ ആവശ്യത്തിനു് സംഭരിച്ചിരിക്കുന്ന ഈ സാധനങ്ങൾ കരിഞ്ചന്തയിൽ പോകുന്നതു നിശ്ചയമായും ആക്ഷേപാർഹമാണ്. അതുകൊണ്ടു് ഗവണ്മെന്റ് ഉടനെതന്നെ കർശനമായ അന്വേഷണങ്ങൾ നടത്തി കുറ്റവാളികളെ കണ്ടുപിടിച്ചു് നിർദ്ദാക്ഷിണ്യമായി ശിക്ഷിക്കേണ്ടതാണ്. ആ തുമ്പാകാം ഡിപ്പാർട്ട്മെന്റ് മേധാവിക്കു വിടാതെ ബഹു. മന്ത്രിതന്നെ നേരിട്ട് ഇതേപ്പറ്റി അന്വേഷണം നടത്തണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. മന്ത്രി പത്മനാഭൻ : ഈ കരിഞ്ചന്ത നടത്തിയ ഉദ്യോഗസ്ഥന്റെ പേരെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ. സ്പീക്കർ: ഇതു ചോദ്യോത്തരത്തിനുള്ള സമയമല്ല.

ശ്രീ. മന്ദത്തു പത്മനാഭൻ: ആളാരാണെന്നു് അറിയാതെ നിവൃത്തി യില്ലല്ലോ?

Minister for Public Works, Communication and Agriculture **(Sri. E. John Philipose):** Sir, there was a question on this matter on the 24th October and at that time, it was stated by me that the Director of Agriculture had received a complaint about certain irregularities in the Manure Office and the Agricultural Depot Office at Alwaye, that an enquiry was conducted and that according to that enquiry, no specific allegations were proved. At the same time, it was also stated by me that Government not having been satisfied with the enquiry had ordered a special enquiry to be conducted by the Director of Agriculture himself and that the report by the Director had not been received by Government. I would like to tell this House that it is not a fact that the department did not take prompt action. On 2nd June 1950, the Director of Agriculture received a letter from the Agricultural Special Officer, Alwaye, enclosing a report he had sent to the Inspector of Police, Alwaye,stating that the Depot Officer had gone on leave and that the door of the depot was found unlocked and requesting the Inspector to prepare a mahazar and also to keep the depot locked till the return of the Depot Officer. This report was dated 31st May 1950 and received by the Director on 2nd June 1950. Immediately the Director received this communication, he ordered the Depot Agricultural Officer against whom there was no complaint at the time and no allegation was made against him and this enquiry was ordered on a communication received by the Agricultural Special Officer that the Depot Officer had left without leave, leaving the depot unguarded and open. The Director immediately ordered the Depot Agricultural Officer at Muvattupuzha to make an enquiry into this matter. As a result of the enquiry, I do not mind reading for the satisfaction of the honourable members of this House, the report that was made by the Depot Officer on 10th June 1950, the following points are known. The House will please note that on a report received on 2nd June 1950.

Sri. P. Balakrishnan Thampi: In view of the international aspect of it, will the Government be pleased.....

Mr. Speaker: Rule 26 requires previous intimation for putting a question.

Sri. P. Balakrishnan Tampi: Can I make a statement now ?

Mr. Speaker: There is no provision for a statement either. But what is the statement about.

Sri. P. Balakrishnan Tampi: Let me make a statement in two or three sentences. In Korea, the U.S. army has captured the capital of North Korea, and the emergence of China and Russia anywhere, would complicate the international situation. In America..... (Laughter).

Mr. Speaker: The place and the occasion do not admit of a statement of that kind. (Renewed laughter). The Hon'ble Minister may proceed with his reply.

Sri. E. John Philipose: On a communication received by the Director of Agriculture on 2nd June 1950, the Depot Officer, Muvattupuzha reported promptly on 10th June 1950 and he has stated that when he reached the spot, the manure depot officer was away from the station on casual leave. His impression on inspection was that the number of steel thumbas was appreciably less. He accordingly counted them and recorded their number as 190. All other articles appeared to be intact. The Special Officer refused to hand over the keys of the depot

LIBRARY ARCHIVES Kerala Legislative Assembly

[Sri E. John Philipose]

building and allow the Depot Officer to function until the stock was verified by me as he suspected foul play. I took up the enquiry on 5th June 1950 at Alwaye. I broke the seal and opened the depot in the presence of the Special Officer, his clerk and the Depot Officer. The manure bags and other articles were closely examined. All the articles were correct, except steel thumpas. According to the stock register, the closing balance of steel thumpas was 700. There were only 192 thumbas at the depot on my inspection. The depot officer stated that 500 thumbas were despatched to the Muvattupuzha depot as per a long pending order on 29th May 1950. There was still a deficiency of 8 thumbas which the Depot Officer stated were issued to some of his colleagues and the office peon, the price of which had not been paid. On further enquiry, it was found that 500 thumbas were actually transferred to Muvattupuzha depot. The date of despatch was not known but they were delivered and brought to account at Muvattupuzha depot on 1st June 1950. The transfer was not made through any approved contractor, nor had the Depot officer taken a receipt from the transporting agent. The Depot officer says in his statement, enclosed herewith, that he gave the thoompas for transport to a bullock cart which was returning empty to Muvattupuzha. The articles were delivered, but the action of the Depot Officer was careless and highly irregular, if not suspicious. This is not the action of one conscious of responsibility. If, as the Depot Officer states, the thoompas were consigned to Muvattupuzha by bullock cart on 29th May 1950, why were they delivered only on 1st June 1950 at Muvattupuzha? No transfer notes of the transfer are also available. The Depot Officer admits in his statement that he did not report to the Special Officer of the transfer promptly. In these circumstances, even though the thoompas were delivered at Muvattupuzha, the entire procedure is suspicious.

Then the officer goes on to say that he examined the records; "I then examined the records in the Agricultural Special Office. I had received a complaint that the Depot Officer issued to Ellurkara Co-operative Society 120 thoompas without orders from the Special Officer. The issue was ordered by me to the Speicl Officer. The Manure Depot Officer explained the matter saying that he acted on verbal orders of the Special Officer. On examination of records, I saw that the Manure Depot Officer had initialled the order with the date 2nd May 1950. It was clear that the Depot Officer surreptitiously initialled the paper, deliberately predating it, forgetting that he had submitted an explanation that he acted on personal and no written orders of the Agricultural Special Officer. This is foolishness and even reckless intriguing which is highly objectionable. The entries in the Depot registers are not in order. In the register of steel thoompas, after the entry on 29th April 1950 came that of 3rd May 1950. The line was scored out and 3rd April 1950 substituted. The Special Officer has asked for the subsequent entries in a foot note. A fresh book was then opened, where all the entries have been copied out in order from 5th January 1950. Here again is carelessness and ground for suspicion.

It was clear from the foregoing that the action of the Depot Officer was irregular, careless and even suspicious to some extent. In view of the fact that the stocks in the depot did not appear deficient, and that malpractices were only suspected and not conclusively proved and in the absence of a reliable man at the spot to be put in charge of the depot, I refrained from placing the Depot Officer under suspension straightway. I have however issued orders placing Agricultural Demonstrator, T. V. George, in whom the Special Officer appeared to have confidence, in additional charge of the depot until further orders. The depot is to be opened by the Depot Officer only in company with Sri George and all transactions attested

LIBRARY ARCHIVES Kerala Legislative Assembly

by both, Sri George had been directed to seal the locks every evening with his own seal. This arrangement is continuing satisfactorily and may be continued until other arrangements are made.

As a result of my enquiries, I am convinced that Manure Depot Officer G. Sivasankara Pillai is unfit to be put in charge of a Manure Depot. He has been extremely careless, foolish, intriguing and slip shod in almost everything. The Special Officer reports that he was rebellious also on occasions. He may, however, be removed from the Manure Depot and posted elsewhere, and his conduct closely watched for sometime.

So then, this was the report and on that basis namely on the basis of the enquiry conducted by the Divisional Officer, Muvattupuzha, the Director of Agriculture recommended to Government that the Manure Depot Officer be degraded and transferred to some other place. The Government on receiving such report ordered his transfer from Muvattupuzha and at the same time expressed the opinion that they were not altogether satisfied with the enquiries. Thereupon they asked the Director of Agriculture to conduct an enquiry the report of which has not yet been received. This is a fact which has really happened as far as this matter is concerned. Later on there was a complaint from one of the members of Elloorkara Co-operative society who was once the secretary thereof and then removed from the secretary-ship by the members of the society alleging that that society had received certain thoompas which were being black-marketed. That was more or less expressed by the members of that society. The Director of Agriculture being a responsible officer of the department asked the Divisional Officer, Muvattupuzha to conduct an enquiry. He proceeded to the place on 4th June and had a personal enquiry conducted with the President of the society who was away from the place of business. He saw the Secretary. The report says:

"I proceeded to Elloorkara on the 4th June 1950 on a personal enquiry. I reached the society office about 11 a.m. by boat from Alwaye and found the following:—

The President of the Society was away from the place on some business. I could not therefore meet him. I saw the Secretary.

Thoompas 107 in numbers were there, being the balance in stock, after issues.

The register of sales of thoompas kept by the President was made available to me by the Secretary of the Society. 13 had been issued to members of the society and the remaining 107 were in stock. A copy of the entries in the register is enclosed.

The supply of thoompas was not brought into the Society's accounts, but was with the President himself. The Secretary explained that all the available funds with the society at the moment were only sufficient to meet the Electricity Department bills, that they would bring thoompas to account when funds become available and that the President was maintaining the accounts till then with the full knowledge of the society. The cost of the thoompas was advanced by the President out of personal funds which would be repaid as early as possible out of the Society's funds, and the implements taken over."

These are the facts relating to this matter and in addition to the enquiries conducted. The Director of Agriculture, as I said, is making another personal enquiry. The Director of Agriculture tells me that his report will be sent soon.

ശ്രീ. പാഠം തളിയത്തു: ഈ എൻക്വയറി നടത്താൻ ഡയറക്ടറെ എപ്പോൾ ചുമതലപ്പെടുത്തി എന്നാണു?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : എഴതി അയച്ചതു് ഫസ്റ്റ്—ൻ—ഫൻ൫൦—ലാണു്. എൻകപയറി നടത്തിയതു് ഫ൦—ൻ— ൫൦-ലാണു്.

ശ്രീ. കെ. എൻ ശങ്കുണ്ണിപിള്ള : സർ, ഒരു പോയിൻറ് ഓഫ് ആർഡർ. ഈ ചോദ്യത്തെ സംബന്ധിച്ചു് ആക്ഷം സംസാരിക്കാൻ പാടില്ലെങ്കിൽ പിന്നെ എന്തിനാണു് ഇവിടെ വാദപ്രതിവാദത്തിനു് വച്ചതു്?

Sri. P. Balakrishnan Tampi : Sir, on a point of information.

Mr. Speaker : There is already another question.

ചട്ടം വകുപ്പുപ്രകാരം ഇതിനെപ്പററി കൂടുതൽ വിവരം ലഭിക്കണമെന്നു് ഒരു ബഹു. മെമ്പർ ആവശ്യപ്പെട്ടതനുസരിച്ചു് ഇങ്ങനെ ചെയ്തിട്ടുള്ളതും ചെയ്യേണ്ടതുമാണു്.

ശ്രീ. ഇ. കെ. മാധവൻ : മൂവാറ്റുപുഴ ഡിസ്പൻസറിലേക്കു് ൫൦൦ രൂപാ കൊടുത്തിട്ടുണ്ടു് എന്നു പറഞ്ഞതിനെപ്പററി ശരിയായി അനേഷിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു് : ഉണ്ടു്. മൂവാറ്റുപുഴ ഡിസ്പൻസറിൽ ഈ ൫൦൦ രൂപയും വരവു വച്ചിട്ടുണ്ടു്.

ശ്രീ. ഇ. കെ. മാധവൻ : അതു് ആലുവായിൽനിന്നും മൂവാറ്റുപുഴയ്ക്കു് കൊണ്ടുപോയി കൊടുത്തതാരാണെന്നറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു് : അതേപ്പററിയുള്ള പൂർണ്ണവിവരങ്ങളും എന്റെ കൈവശമില്ല:

ശ്രീ. ഇ. കെ. മാധവൻ : ആലുവായിൽനിന്നും രൂപാകൊണ്ടുപോയ വണ്ടിക്കാരന്റെ സ്റ്റേറ്റുമെൻറ് ലഭിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : അതു് ഡിപ്പാർട്ട്മെൻറിനു് ലഭിച്ചിട്ടുണ്ടെന്നറിയുന്നു.

ശ്രീ. ഇ. കെ. മാധവൻ : അവിടെ അനേഷണത്തിനുപോയ അവസരത്തിൽ സ്പെഷ്യലാഫീസർ അദ്ദേഹത്തിന്റെ മൊഴികൂടി എടുക്കണമെന്നു് ആവശ്യപ്പെട്ടുവോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : ഡിവിഷൻ ആഫീസറാണു് അനേഷണത്തിനു പോയതു്. സ്പെഷ്യലാഫീസർകൂടി തദവസരത്തിൽ ഉണ്ടായിരുന്നു.

ശ്രീ. ഇ. കെ. മാധവൻ : ഡയറക്ടർ സ്ഥലത്തു പോയി അനേഷണം നടത്തണമെന്നു പറഞ്ഞിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : ഡയക്ടരും ഇതേപ്പററി അനേഷിച്ചിട്ടുണ്ടു്. എന്നാൽ കൂടുതൽ അനേഷണം നടത്തിയതു് ഡിവിഷനൽ ആഫീസറാണു്. ഇതിൽ സ്പെഷ്യലാഫീസറും ഡിവിഷനൽ ആഫീസറും തമ്മിൽ എന്തോ കുഴപ്പമുണ്ടെന്നും ഗവൺമെണ്ടിനറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഏതായാലും സംശയിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാരെയും സ്പെഷ്യലാഫീസറെയും സംബന്ധിച്ചു അനേഷണം നടത്താൻ ഡയറക്ടരോടു ആവശ്യപ്പെട്ടിട്ടുണ്ടു്. അതനുസരിച്ചു് ഡയറക്ടർ അനേഷണം നടത്തിവരുന്നു. അനേഷണം പൂർത്തിയായിട്ടില്ല.

ശ്രീ. പാറം തളിയത്തു് : അനേഷണം പൂർത്തിയാക്കുവാൻ ഇത്ര കാലതാമസത്തിനു് കാരണമെന്താണു്.

മി സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ അതിനു ഉത്തരം പറഞ്ഞുകഴിഞ്ഞു, അനേഷണം നടന്നുകൊണ്ടിരിക്കുന്നു, പൂർത്തിയായിട്ടില്ലെന്നു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാഠം തളിയത്തു് : ആലുവാ ഡിപ്പോ പോലീസുകാർ വന്നു സീൽ ചെയ്തു എന്നു പറഞ്ഞല്ലൊ, അവിടെ പോലീസുകാർ വന്ന മറെറന്തെങ്കിലും പ്രവർത്തിച്ചോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : പോലീസുകാർ വന്നു് മഹസർ എഴുതി സീൽ വയ്ക്കുകമാത്രമെ ചെയ്തുള്ളു.

ശ്രീ. ഇ. കെ. മാധവൻ : അവിടെ തുമ്പാ കുറവു വന്നതിനെപ്പററി കൂടുതലായ അന്വേഷണങ്ങൾ നടത്തിയോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : ഡിവിഷൻ ആഫീസറുടെ റിപ്പോർട്ടിൽ അതേപ്പററി പറഞ്ഞിരിക്കുന്ന ഭാഗം ഞാൻ ഇവിടെ വായിച്ചല്ലൊ.

ശ്രീ. മന്നത്തു പത്മനാഭൻ : സർ, ഒരു പോയിൻറു് ഓഫ് ഓർഡർ. അന്വേഷണത്തിൽ ഇരിക്കുന്ന ഒരു കേസിനെപ്പററി രണ്ടുമൂന്നുപേർ ഒത്തുചേർന്നുകൊണ്ടു് ഇങ്ങനെ ചോദ്യങ്ങൾ ചോദിക്കാമോ?

മി. സ്പീക്കർ : ഇതു വിചാരണയ്ക്കായിട്ടോ അല്ലാതെയോ കോടതിയുടെ പരിധിയിൽ പെടുത്തീട്ടില്ല. ചോദ്യം ചോദിക്കുന്നതിൽ തെററില്ല.

Sri. P. Balakrishnan Tampi: Sir, on a point of simple information.

മി. സ്പീക്കർ : ലളിതമായിട്ടു് ചോദ്യങ്ങൾ ചോദിക്കുവാൻ മുൻകൂട്ടി അനുവാദം ആവശ്യപ്പെട്ടിട്ടുള്ളവർക്കാണു് അനുവാദം കൊടുത്തിട്ടുള്ളതു്.

ശ്രീ. ഇ. കെ. മാധവൻ : ഈ കേസ്സിനെപ്പററി സമഗ്രമായ ഒരന്വേഷണം നടത്തി വേണ്ട നടപടികൾ എടുക്കുവാൻ ഗവൺമെണ്ടു് തയാറാകുമോ?

Sri. E. John Philipose : I should like to say that so far as any such allegations against Government officers are concerned, while it is the duty of Government to see that they are not subjected to any prosecution and harrassment unnecessarily in respect of those allegations, they are anxious that corrupt officers are removed from the Department. Government are fully conscious of that.

The Assembly adjourned at 5 p.m. to meet again at 11 a.m. on Saturday, the 28th October 1950.

V. KRISHNAMOORTHI AIYAR
Secretary to the Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly